Mr. President: Order, order.

Mr. S. P. Luiz *(Nominated):* May I know whether representations have not been sent to Government that prejudicial speeches are being made by the leaders?

Mr. B. V. K. Menon *(Secretary to Government):* Departmental representations cannot be divulged.

Mr. P. K. Dewer *(Nominated):* May I know whether it is the concern of the Government to enquire if any funds are coming into the State for any political organisation?

Mr. B. V. K. Menon *(Secretary to Government):* I have no information whether any funds are coming into the State for any party not to speak of this communist organisation, alone.

Mr. M. K. Raja *(Mulakunnathukavu):* Is it not the inherent right of any political party, which has not been declared unlawful, to secure funds for its activities from anywhere they please?

Mr. B. V. K. Menon *(Secretary to Government):* I do not think that there is any objection for that.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know, Sir, whether Government are aware that such a useful party is working in the State?

Mr. B. V. K. Menon *(Secretary to Government):* I have answered that, Sir. There is the party working in the State.

ESTABLISHMENT CHARGES IN THE STATE

46. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീത്ത്:

താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവണ്മെണ്ട് മറുപടി പറയാമോ.—

ഇന്നു കൊച്ചിരാജ്യത്തു ഒട്ടാകെ എസ്റ്റാബ്ലിഷ്മെൻറ് ചാർജ്ജസ് (ശമ്പളം, അലവൻസ് മുതലായവ) എത്രയാണ്?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ:

ശമ്പളം വകക്ക് ൪൦.൭൫ ലക്ഷം ഉറപ്പിക്കയും ക്ഷാമബത്ത മുതലായ അലവൻസുകൾക്ക് ൨.൫൦ ലക്ഷം ഉറപ്പിക്കയും ചിലവുവരുന്നുണ്ട്. (As per 1122 Budget.)

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീത്ത്: ഗവണ്മെണ്ടിന്റെ ഇന്നത്തെ വരുമാനത്തിന്റെ സ്ഥിതിക്കു ഇതു വലിയ സംഖ്യയാണെന്നു തോന്നുന്നുണ്ടോ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: ഇന്നത്തെ വരവനുസരിച്ചു ഇതു് ന്യായമായ സംഖ്യയാണെന്നാണ് തോന്നുന്നതു്.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീത്ത്: അങ്ങിനെയാണെങ്കിൽ ആക്ഷേപമുണ്ടാകാൻ വഴിയില്ലല്ലോ.

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ബഹുമാനപ്പെട്ട മന്ത്രിമാരുടെ ശമ്പളവും ക്ഷാമബത്തയും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: പുതിയ മന്ത്രിമാരുടെ ഉൾപ്പെട്ടിട്ടില്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know, Sir, what portion of this amount of 40·95 lakhs is set apart for dearness allowance and what portion for other allowances?

Mr. K. Govinda Menon *(Comptroller of Finance and Accounts):* The dearness allowance comes to 38·75 lakhs and the other allowances amount to 2·22 lakhs.

Mr. P. Kumaran Ezhuthassan *(Vadakkancheri):* What is the income of the State according to the same budget.

Mr. President: That hardly arises as a supplementary question on this. One is receipt and the other is expenditure.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Have not the Govprnment noted, Sir, that this expenditure nearly to the tune of a crore of rupees in the shape of establishment charges comes to more than 1/3 of the abnormal income of the State during the windfall of the war season?

Mr. K. Govinda Menon *(Comptroller of Finance and Acconnts):* Yes.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Are the Government aware, Sir, of the existence of any other Government in the whole of the globe that spends about 1/3 of its abnormal revenue upon the normal staff?

LIBRARY ARCHIVES Kerala Legislative Assembly

Mr. K. Govinda Menon *(Comptroller of Finance and Accounts):* It is not a normal staff.
Mr. P. Kumaran Ezhuthassan *(Vadakkancheri):* Will the Government.
Mr. President: Order, order.....

PERMITS FOR TRANSPORT OF VEGETABLES

47. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) കൊട്ടങ്ങല്ലൂർ, കോട്ടപ്പുറം ചന്തയിൽനിന്നും വാങ്ങി വൈപ്പ്, പള്ളിപ്പുറം പ്രദേശങ്ങളിലേക്ക് പച്ചക്കറി സാധനങ്ങൾ കൊണ്ടുപോകേണ്ടതിനുള്ള പെർമിറ്റ് കൊടുക്കുന്ന ഉദ്യോഗസ്ഥൻ ആരാണ്;

(ബി) പള്ളിപ്പുറം, ചെറായി, അയ്യമ്പിള്ളി, കുഴുപ്പിള്ളി ഈവക പ്രദേശങ്ങളിലേക്ക് കൊണ്ടുപോകേണ്ട സാധനങ്ങൾക്ക് കോട്ടപ്പുറത്തുനിന്നും അതാതു ചന്തക്കനുസരിച്ച് പെർമിറ്റ് ആവശ്യക്കാർക്ക് കൊടുക്കുന്നുണ്ടോ;

(സി) മേൽപറഞ്ഞ സ്ഥലങ്ങളിലെ ചില കച്ചവടക്കാർക്ക് പെർമിറ്റ് കിട്ടുന്നില്ലെന്ന പരാതി പറയുന്നതു ശരിയാണൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) അസിസ്റ്റാണ്ട് സപ്ലൈ ആഫീസർ, കൊട്ടങ്ങല്ലൂർ. ഡയറക്ടർ ഓഫ് ഫുഡ് സപ്ലൈസിനും ഇതിനധികാരമുണ്ട്.

(ബി) ഉവ്വ്.

(സി) അതെ. ചില സന്ദർഭങ്ങളിൽ സ്റ്റോക്കിന്റെ അഭാവംകൊണ്ട് ചിലർക്ക് പെർമിറ്റ് കിട്ടാതെ വന്നിട്ടുണ്ട്.

മിസ്റ്റർ കെ. എ രാഘവൻ: സ്റ്റാക്കിന്റെ അഭാവംകൊണ്ടാണെങ്കിൽ സാമാനങ്ങൾ ചിലർക്ക് കിട്ടുകയും, മറ്റു ചിലർക്ക് കിട്ടാതെ വരുകയും ചെയ്യുന്നതു ശരിയാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സ്റ്റാക്കില്ലാതായാൽ പെർമിറ്റ് കൊടുക്കുകയില്ല. കുറച്ചു സാധനങ്ങളെ ഉള്ളു എങ്കിൽ എങ്ങിനെയാണ് പെർമിറ്റ് കൊടുക്കുന്നതു?

മിസ്റ്റർ കെ. എ. രാഘവൻ: ഒരു കച്ചവടക്കാരനു സാധനങ്ങൾ കിട്ടുകയും, മറ്റു കച്ചവടക്കാരനു കിട്ടാതെവരികയും ചെയ്താൽ അതു കഷ്ടമല്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സ്റ്റാക്കു പരിമിതമായിരുന്നാൽ എല്ലാകച്ചവടക്കാർക്കുംപെർമിറ്റുകൊടുക്കാൻ സാധിച്ചു എന്നു വരുകയില്ല. സാധാരണയായി അതു അതുക്ഷേപം കൂടാതെ ചെയ്യാറുണ്ട്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: കോട്ടപ്പുറം ചന്തയിൽ വരുന്ന സാമാനങ്ങൾ എല്ലാവർക്കും വാങ്ങിക്കരുതേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആർക്കും വാങ്ങിക്കാം. പക്ഷെ, പുറത്തേക്ക് കൊണ്ടുപോകണമെങ്കിൽ പെർമിറ്റ് വേണം. അതുകൊണ്ട് കച്ചവടക്കാർ ആദ്യം പെർമിറ്റാണ് വാങ്ങിക്കുക, പിന്നീടേ സാമാനങ്ങൾ വാങ്ങിക്കാറുള്ളു.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: കോട്ടപ്പുറം ചന്തയിൽനിന്നു വാങ്ങിക്കുന്ന സാമാനങ്ങൾ ചേന്നമംഗലത്തേക്ക് കടത്തുന്നതിനു പെർമിറ്റ് കൊടുത്തുകൂടാ എന്നു വല്ല നിയമവുമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയൊന്നുമില്ല.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: കോട്ടപ്പുറം ചന്തയിൽനിന്നേ ചേന്നമംഗലം മുതലായ സ്ഥലങ്ങളിലേക്കു പച്ചക്കറിസാമാനങ്ങൾ കൊണ്ടുപോകാൻ നിവൃത്തിയുള്ളു. ആ നിലക്കു പെർമിറ്റ് കൊടുക്കുവാൻ വിരോധമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പെർമിറ്റ് കൊടുക്കുന്നില്ല എന്നു ഞാൻ പറഞ്ഞിട്ടില്ല. അതിനു വിരോധമില്ലെന്നാണ് തോന്നുന്നതു.

മിസ്റ്റർ കെ. എ. രാഘവൻ: സ്റ്റാക്കിന്റെ അഭാവംകൊണ്ട് വിതരണം ക്രമീകരിക്കാൻ വിരോധമുണ്ടാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൺട്രോൾ സാധനങ്ങളെ സംബന്ധിച്ചിടത്തോളം സാധനങ്ങൾ പങ്കുവെച്ചു വളരെയധികം കച്ചവടക്കാർക്ക് പെർമിറ്റ് കൊടുക്കാൻ സാദ്ധ്യമല്ല

LIBRARY ARCHIVES Kerala Legislative Assembly